# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2012

08.03.2018 ൽ മറുപടിക്ക്

### വ്യവസായ സൗഹൃദ സംസ്ഥാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.ജെ. ജോസഫ്<br>ശ്രീ. മോൻസ് ജോസഫ്<br>ഡോ. എൻ. ജയരാജ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) | വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി ആവശ്യമായ ക്ലിയറൻസുകൾ അനുമതികൾ തുടങ്ങിയവ അതിവേഗം ലഭിക്കുന്നതിനായി നിലവിലുള്ള (വിവിധ വകുപ്പികളിലായി) ചട്ടങ്ങളിലും, നിയമങ്ങളിലും കാലാനുസൃതമായ പരിഷ്കാരങ്ങൾ നടത്തുന്നതിനായി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ബിൽ ' തയ്യാറാക്കിയിട്ടുള്ളത്. സഭയുടെ മുമ്പാകെ അവതരിപ്പിച്ച ബിൽ വിഷയനിർണ്ണയ സമിതി മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്. |
| ബി) | വ്യവസായ സ്ഥാപനത്തെപ്പറ്റിയുള്ള പരാതിയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്ക് സ്റ്റോപ്പ് മെമ്മോ നൽകുന്ന സമ്പ്രദായത്തിന് മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ബി)<br>&<br>(സി) | സർക്കാർ സഭയിൽ അവതരിപ്പിച്ച ബിൽ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുവാനുള്ള നടപടി ക്രമങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം ഒരു വ്യവസായ സ്ഥാപനത്തെപ്പറ്റി പരാതി ലഭിച്ചാൽ സർക്കാരിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിദഗ്ദ്ധോപദേശം തേടാവുന്നതാണ്. ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പുകൾ 15 ദിവസത്തിനകം സർക്കാരിലേയ്ക്ക് നൽകേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി നിശ്ചിത സമയപരിധിക്കുള്ളിൽ വ്യവസായ സ്ഥാപനം പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. പ്രശ്നം പരിഹരിച്ചില്ലെങ്കിൽ സ്റ്റോപ്പ് മെമ്മോ നൽകാവുന്നതുമാണ്. |
| (സി) | ഒരു വ്യവസായ സ്ഥാപനത്തെപ്പറ്റി പരാതി ലഭിച്ചാൽ ആയത് പരിശോധിച്ച് വിദഗ്ദ്ധസംഘത്തെ കൊണ്ട് അന്വേഷിപ്പിച്ചതിനുശേഷം മാത്രം നടപടി എടുക്കുന്ന സാഹചര്യം ഉണ്ടാക്കുവാൻ വ്യവസായവകുപ്പ് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ